## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5686** **08-07-2024 - ൽ മറുപടിയ്ക്ക്**

## അവയവമാറ്റ ശസ്ത്രക്രിയ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ജെ. മാക്സി** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ എൺപത് ശതമാനം അവയവമാറ്റ ശസ്ത്രക്രിയകളും വൻകിട സ്വകാര്യ ആശുപത്രികളിലാണോ നടക്കുന്നത്; വിശദാംശം നൽകുമോ; | (എ) | അവയവമാറ്റ ശസ്ത്രക്രിയ നടത്തുന്നതിന് സൗകര്യവും ലൈസൻസുമുള്ള 49 ആശുപത്രികൾ സംസ്ഥാനത്തുണ്ട്. ഇതിൽ 5 സർക്കാർ ആശുപത്രികൾ ഉൾപ്പെടെ 38 ആശുപത്രികളിൽ വൃക്ക മാറ്റിവെക്കൽ ശസ്ത്രക്രിയ സൗകര്യമുണ്ട്. 2 സർക്കാർ ആശുപത്രികൾ ഉൾപ്പെടെ 16 ആശുപത്രികളിൽ കരൾ മാറ്റ ശസ്ത്രക്രിയ സൗകര്യമുണ്ട്. 2 സർക്കാർ ആശുപത്രികൾ ഉൾപ്പെടെ 14 ആശുപത്രികളിൽ ഹൃദയമാറ്റ ശസ്ത്രക്രിയയ്ക്ക് സൗകര്യമുണ്ട്. 2023 ൽ ആകെ നടന്ന 1065 വൃക്ക മാറ്റിവെക്കൽ ശസ്ത്രക്രിയകളിൽ 90 എണ്ണവും 360 കരൾ മാറ്റ ശസ്ത്രക്രിയകളിൽ 3 എണ്ണവും സർക്കാർ മേഖലയിലാണ് നടന്നത്. |
| (ബി) | എങ്കിൽ സാധാരണക്കാർക്ക് ഇത്തരം സൗകര്യങ്ങൾ അപ്രാപ്യമാകുന്നത് ഒഴിവാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (ബി) | സംസ്ഥാനത്ത് അഞ്ച് സർക്കാർ മെഡിക്കൽ കോളേജുകളിലും ഒരു ജനറൽ ആശുപത്രിയിലും അവയവമാറ്റ ശസ്ത്രക്രിയയ്ക്കുള്ള സൗകര്യങ്ങൾ ലഭ്യമാണ് അതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**<u>വൃക്ക</u>**<br><br>1. സർക്കാർ മെഡിക്കൽ കോളജ്, തിരുവനന്തപുരം<br><br>2. സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം<br><br>3. സർക്കാർ മെഡിക്കൽ കോളേജ്, ആലപ്പുഴ<br><br>4. സർക്കാർ മെഡിക്കൽ കോളജ്, കോഴിക്കോട്<br><br>5. ജനറൽ ആശുപത്രി, എറണാകുളം<br><br>**<u>കരൾ</u>** |

| | | | |
|---|---|---|---|
| | | | 1.സർക്കാർ മെഡിക്കൽ കോളേജ് തിരുവനന്തപുരം.<br><br>2. സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം<br><br>**<u>ഹൃദയം</u>**<br><br>1. സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം<br><br>2.സർക്കാർ മെഡിക്കൽ കോളേജ് തിരുവനന്തപുരം.<br><br>**<u>ശ്വാസകോശം</u>**<br><br>സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം<br><br>കൂടാതെ റീജിണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ ഒഫ്ത്താൽമോളജി, തിരുവനന്തപുരം, ആലപ്പു സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയ സർക്കാർ മെഡിക്കൽ കോളേജ്, തൃശ്ശൂ സർക്കാർ മെഡിക്കൽ കോളേജ് കോഴിക്കോട് സർക്കാർ മെഡിക്കൽ കോളജ് കണ്ണൂർ സർക്കാർ മെഡിക്കൽ കോളേ എന്നിവിടങ്ങളിൽ കോർണിയ മാറ്റ ശസ്ത്രക്രിയകൾക്കുള്ള സൗകര്യം ലഭ്യമാണ്.<br><br>മേൽ സ്ഥാപനങ്ങളിൽ വച്ച് നടത്തുന്ന അവയവമാറ്റ ശസ്ത്രക്രിയ തികച്ചു സൗജന്യമാണ്. വിവിധ ഇൻഷ്വറൻസ് പദ്ധതികളിൽ ഉൾപ്പെടുന്നവർക്ക് അതിന് പ്രകാരമുള്ള ആനുകൂല്യവും ചികിത്സ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് അതിന്റെ ആനുകൂല്യവും നൽകി വരുന്നു. ഇത് കൂടാതെ കേരളത്തിലെ സാധാരണക്കാർക്ക ട്രാൻസ്പ്ലാന്റ് ശസ്ത്രക്രിയയ്ക്ക് മാത്രമായി ഏറ്റവു മികച്ച സൗകര്യവും തുടർ ചികിത്സയു ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ഇൻസ്റ്റിറ്റ്യൂ ഓഫ് ഓർഗൻ ട്രാൻസ്പ്ലാന്റ് എന്ന സ്ഥാപന കോഴിക്കോട് ആരംഭിക്കുന്നതിനു വേണ്ടി 558.68 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) | സാധാരണക്കാർക്ക് കൂടുതൽ ഉപകാരപ്രദമാകുന്നതിന് സംസ്ഥാനത്തെ സർക്കാർ പൊതുമേഖലാ ആശുപത്രികളിൽ അവയവമാറ്റ ശസ്ത്രക്രിയാ സൗകര്യം ഏർപ്പെടുത്തുന്നതിന് വേണ്ടി കേന്ദ്ര സർക്കാരിന്റെ ഗ്രാന്റ് നേടിയെടുക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | സർക്കാർ പൊതുമേഖലാ ആശുപത്രികളിലെ അവയവമാറ്റ ശസ്ത്രക്രിയ സൗകര്യ മെച്ചപ്പെടുത്തുന്നതിനു വേണ്ടി കേന്ദ്ര സർക്കാരിന്റെ നാഷണൽ ഓർഗൻ ട്രാൻസ്പ്ലാന്റ് പ്രോഗ്രാമിന്റെ കീഴിൽ അനുവദിക്കുന്ന ഫണ്ട് ലഭ്യമാക്കുന്നതിനുള്ള |

| | | | | |
|---|---|---|---|---|
| | | | | വിശദമായ പ്രൊപ്പോസൽ കെ-സോട്ടേ: തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ